I/56333/2022

**<u>സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം</u>**

**<u>സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ</u>**

**(ഹാജർ:പ്രിയങ്ക.ജി, IAS, ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )**

ഉത്തരവ് നം. :DWCD/2829/2022- ICPS 4

തിരുവനന്തപുരം,
തീയതി. 22-08-2022

---

വിഷയം: വനിത ശിശു വികസന വകുപ്പ് - ഐ.സി.പി.എസ് - ഇടുക്കി സ്വദേശി **നീതു ആൻറണി** എന്ന കുട്ടിക്ക് ബാലനിധി ധനസഹായം അനുവദിച്ചുത്തരവാകുന്നു

പരാമർശം : 1. ഇടുക്കി DCPOയുടെ 29.06.2022ലെ 1963/2021/DCPU/IDK നമ്പർ കത്ത് .
2. ഈ കാര്യാലയത്തിലെ 01.12.2021 ലെ ഇതേ നമ്പർ ഉത്തരവ്

ഇടുക്കി ജില്ലയിൽ സേനാപതി ഗ്രാമപഞ്ചായത്തിൽ പാണാപറമ്പിൽ വീട്ടിൽ ശ്രീ.ആൻറണി-ശ്രീമതി.മിനി ദമ്പതികളുടെ മകളായ നീതു ആൻറണി (16 വയസ്സ്) എന്ന കുട്ടിക്ക് 2019 മുതൽ ടർണേഴ്സ് സിൻഡ്രോം എന്ന അപൂർവ അവസ്ഥയിലുള്ള രോഗം ബാധിച്ചിട്ടുള്ളതാണ്.നിലവിൽ തമിഴ്നാട്ടുള്ള മധുരൈ അശ്വിൻ സ്പെഷ്യലിറ്റി ഹോസ്പിറ്റലിൽ ചികിത്സയിൽ കഴിഞ്ഞു വരുന്നു. ടർണേഴ്സ് സിൻഡ്രോം മൂലം കുട്ടിക്ക് വളർച്ച കുറവ് ഉള്ളതും പതിനാറു വയസ്സാണെങ്കിലും 26 കിലോഗ്രാം മാത്രം തൂക്കമുള്ളതും നാലടി മാത്രം ഉയരമുള്ളതുമാണ്. ബാലനിധിയിൽ നിന്നും കുട്ടിയുടെ ചികിത്സയ്ക്കായി പരാമർശം (2) പ്രകാരം 88,525/-രൂപ അനുവദിച്ചിരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിന്, കുട്ടിയുടെ തുടർ ചികിത്സാ ചിലവുകൾ താങ്ങാനാവില്ല എന്നും ലഭ്യമായ ബില്ലുകളുടെ അടിസ്ഥാനത്തിൽ തുടർ ചികിത്സക്കായി 80,000/-രൂപ കൂടി ബാലനിധിയിൽ ഉൾപ്പെടുത്തി അനുവദിച്ച് നൽകണമെന്നും ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസർ പരാമർശം (1) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, ബാലനീതി നിയമ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ള ഇടുക്കി ജില്ലയിൽ സേനാപതി ഗ്രാമപഞ്ചായത്തിൽ പാണാപറമ്പിൽ വീട്ടിൽ ശ്രീ.ആൻറണി-ശ്രീമതി.മിനി ദമ്പതികളുടെ മകളായ നീതു ആൻറണിയുടെ കുടുംബത്തിലെ നിലവിലെ സാഹചര്യം പരിഗണിച്ച് ജെ.ജെ.ആക്റ്റിൻറെയും റൂളിൻറെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്റ്റ് 2015 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധിയിൽ (ജുവനൈൽ ജസ്റ്റിസ് ഫണ്ട്) നിന്നും **ജില്ലാ ശിശു സംരക്ഷണ ഓഫീസർ ശുപാർശ ചെയ്ത 80,000 /-രൂപ (എൺപതിനായിരം രൂപ മാത്രം )** രണ്ടാം ഗഡുവായി അനുവദിച്ചുത്തരവാകുന്നു.

**80,000 /-രൂപ (എൺപതിനായിരം രൂപ മാത്രം )** ഇടുക്കി വനിത ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ടുമെൻറായി ജെ.ജെ. ഫണ്ടിൻറെ ശീർഷകമായ 2235-02-106-91(P)-യിൽ നിന്നും നൽകേണ്ടതാണ്. വനിത ശിശു വികസന ഓഫീസർ തുക അലോട്ടുമെൻറായി

I/56333/2022

ഇടുക്കി ജില്ല ശിശുസംരക്ഷണ ഓഫീസർക്ക് നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കുട്ടിയുടെയോ, കുട്ടിയുടെ രക്ഷാധികാരിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകേണ്ടതും, തുക കൈപ്പറ്റിയ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

ജില്ലാ വനിത ശിശു വികസന ഓഫീസർ,ഇടുക്കി

<u>പകർപ്പ് :</u>

1. ജില്ലാ ശിശു സംരക്ഷണ ഓഫീസർ ഇടുക്കി
2. സൂപ്രണ്ട്, A സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)
3. ICPS -10
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

Signed by Priyanka G
Date: 22-08-2022 10:24:53